ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇന്നു് ഇത്തരം അംഗവൈകല്യം വന്നിട്ടുള്ള ആൾക്കാൾക്കു് കാൽവച്ചു കൊടുക്കുന്ന ഏർപ്പാടു് പൂനയിലാണുള്ളതു്. നമ്മുടെ സംസ്ഥാനത്തെ ചില ആളുകൾ തന്നെ പൂനായിൽപോയി കാൽവച്ചു പിടിപ്പിച്ചു് തിരിച്ചുവരുന്ന സമ്പ്രദായമുണ്ടു്. അതുകൊണ്ടു് നമ്മുടെ സംസ്ഥാനത്തുതന്നെ ഇതിനുള്ള ഒരു സ്ഥാപനം ഏർപ്പെടുത്താൻ ഗവണ്മെൻറു് വേഗത്തിൽ നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനുവേണ്ടിയാണു് ഈ സെൻറർ ആരംഭിക്കുന്നതു്. അതിനാവശ്യമായ എസ്റ്റിമേറ്റു് അപ്രൂവു ചെയ്തു കഴിഞ്ഞിട്ടുണ്ടു്. Staff Sanction ചെയ്തിട്ടു കഴിയുന്ന വേഗത്തിൽ ആരംഭിക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : വ്യവസായങ്ങളിൽ ഏർപ്പെട്ടു കൈയോ കാലോ പോവുകയാണെങ്കിൽ ഇവിടെ സൗജന്യമായി ആർട്ടിഫിഷ്യലായിട്ടു് വച്ചുകൊടുക്കാനുള്ള വല്ല ശ്രമവും നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ലേബർ മിനിസ്റ്റർ പറയേണ്ട കാര്യമാണു്.

ക്ഷയരോഗികൾക്കു് ധനസഹായം

* 848 [14] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) രോഗചികിത്സയ്ക്കു് സഹായം നൽകുവൻ ആവശ്യപ്പെട്ടുകൊണ്ടു് എത്ര ക്ഷയരോഗികൾ ഹർജി അയച്ചിട്ടുണ്ടു് ;

(ബി) എത്ര പേരുടെ ഹർജിപ്രകാരം സഹായം നൽകി ;

(സി) ഡിസ്പെൻസറി അടിസ്ഥാനത്തിൽ കണക്കുപറയാമോ ;

(ഡി) ഗവണ്മെൻറു് തുടങ്ങിയ ക്ഷയരോഗനിവാരണ ഫണ്ടിൽ എത്ര സംഖ്യ പിരിഞ്ഞുകിട്ടി ?

Mr. Speaker : Question number 14. A Similar question has already been answered.

Shri E. P. Gopalan : Part '(d)' is new and may be answered.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ഡി) ക്ഷയരോഗ ഫണ്ടു് എന്ന പേരിൽ ഒരു ഫണ്ടു് തുടങ്ങിയിട്ടില്ല.

സംശയകരമായ മരണങ്ങളെപ്പറ്റിയുള്ള പരാതികൾ

* 849. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-ൽ എത്ര 'സംശയകരമായ' മരണങ്ങളെപ്പറ്റിയുള്ളപരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു് ;

(ബി) അന്വേഷണത്തിൽ ഇതിൽ എത്ര എണ്ണം കൊലപാതകങ്ങളാണെന്നു തെളിഞ്ഞിട്ടുണ്ടു് ;

(സി) കുളത്തുപ്പുഴ സ്റ്റേഷനതിർത്തിയിലുള്ള കല്ലുവെട്ടാംകുഴി എന്ന സ്ഥലത്തു് ഒരു ബാലൻ മരണപ്പെട്ടതിനെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അന്വേഷണഫലമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 37 (മുപ്പത്തിയേഴ്)
(ബി) 7 (ഏഴ്)
(സി) ഉണ്ട്.
(ഡി) ഇതിനെപ്പറ്റി പുനലൂർ സർക്കിൾ ഇൻസ്പെക്ടർ അടുത്ത് എ. എസ്. പി. യുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. പി വാസു : പെരുന്തൽമണ്ണയിൽ കല്യാണി എന്ന സ്ത്രീയെ തലവെട്ടിപ്പൊളിച്ച രീതിയിൽ കാണപ്പെട്ട എന്നു് പരാതി ലഭിച്ചിട്ടുണ്ടോ; അതിനെപ്പറ്റി അന്വേഷണം നടത്തിയോ ?

ശ്രീ. ആർ. ശങ്കർ : ഓർമ്മയിൽനിന്നും പറയുക പ്രയാസമാണു്.

ശ്രീ. എം. വി. വാസു : ഞാൻ തന്നെ ഇതിനെപ്പറ്റി മന്ത്രിക്കു് എഴുതിത്തരികയുണ്ടായി.

ശ്രീ. ആർ. ശങ്കർ : എഴുതിത്തന്നിട്ടുള്ളതു് അപ്പോൾത്തന്നെ അന്വേഷണത്തിനു് അധികൃതരെ ഏൽപ്പിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇതുപോലുള്ള സംശയകരമായ മരണങ്ങളെ സംബന്ധിച്ചു് ആക്ഷേപം കിട്ടിയാൽ ഏതുവിധത്തിലാണു് ഗവണ്മെന്റു് അന്വേഷിക്കുന്നതു്; പ്രത്യേകതരത്തിലുള്ള പോലീസുകാരെ അയച്ചാണോ, അതോ സാധാരണ ഡിപ്പാർട്ടുമെൻറലായിട്ടാണോ; സാധാരണ ഡിപ്പാർട്ടുമെൻറലായിട്ടാണു് അന്വേഷിക്കുന്നതെങ്കിൽ കാലതാമസത്തിനു് ഇടവരുമെന്നുള്ളതിനെ പരിഗണിച്ചു് പ്രത്യേകരീതിയിലുള്ള അന്വേഷണം നടത്താൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : പോലീസിന്റെ കർത്തവ്യം തന്നെ ഇങ്ങനെയുള്ള കാര്യങ്ങളും അന്വേഷണം നടത്തുക എന്നുള്ളതാണു്. അതുകൊണ്ടു് ഏതെങ്കിലും ഒരു കേസു് റിപ്പോർട്ടുചെയ്യുവന്നാൽ ഉടനെ അന്വേഷിപ്പിക്കുന്നതു് പോലീസിനെക്കൊണ്ടുതന്നെയാണു്. അവരുടെ അന്വേഷണത്തിൽ നിന്നു ഫലമുണ്ടാകാൻ ഇടയില്ലെന്നു കണ്ടാൽ സ്പെഷ്യലായിട്ടുള്ള ഏർപ്പാടുകളും ചെയ്യു

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ബഹുമാനപ്പെട്ട മന്ത്രിക്കു് സമർപ്പിച്ച മെമ്മോറാണ്ടം അന്വേഷണത്തിനു് അയച്ചുകൊടുത്തു എന്നു പറഞ്ഞു. മന്ത്രിയുടെ ലവലിൽ നേരിട്ടു് മെമ്മോറാണ്ടം സമർപ്പിച്ചാൽ തന്നെയും പലപ്പോഴും കീഴുദ്യോഗസ്ഥന്മാർ അന്വേഷിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല എന്ന ആക്ഷേപമാണു് ഉണ്ടാകുന്നതു്. അതുകൊണ്ടു് അന്വേഷണത്തിനയച്ചുകൊടുത്താൽ അന്വേഷിച്ചതു് എവിടെ എത്തി എന്നു പ്രത്യേകം മനസ്സിലാക്കി അതിന്റെ ഗുരുലഘുത്വമനുസരിച്ചു് അതിനെ റെവ്യൂ ചെയ്യുക എന്ന സമ്പ്രദായം നിലവിലുണ്ടോ ?

ശ്രീ. ആർ. ശങ്കർ : റെവ്യൂ ചെയ്യുന്നുണ്ടു്. മന്ത്രിക്കു് നേരിട്ടു കിട്ടുന്ന പരാതികളും പലപ്പോഴും അന്വേഷണത്തിനു് അയച്ചാൽ ഫലം ഉണ്ടായിട്ടില്ലെന്നു് പരാതി ലഭിക്കുകയുണ്ടായിട്ടില്ല. ഏതായാലും മന്ത്രി നേരിട്ടു് അന്വേഷിക്കുന്ന ഏർപ്പാടില്ലാത്തതുകൊണ്ടു് മിക്കവാറും പോലീസു് അധികൃതരെക്കൊണ്ടു് അന്വേഷിപ്പിക്കുകയേ നിവൃത്തിയുള്ളൂ. എന്നാൽ അന്വേഷണം ശരിയല്ലെന്നു മന്ത്രിക്കു ബോദ്ധ്യംവന്നാൽ ആവശ്യമായ അന്വേഷണം നടത്താൻ ഐ. ജി. ക്കു് ആർഡർ കൊടുക്കും.

ശ്രീ. പി. കെ കുഞ്ഞച്ചൻ : അടുത്തദിവസം കുന്നത്തൂർ നിയോജകമണ്ഡലത്തിൽ നടന്ന മരണത്തെപ്പറ്റി രാഷ്ട്രീയ പാർട്ടികളും മറ്റു പ്രധാനപ്പെട്ട വ്യക്തികളും ചീഫ് മിനിസ്റ്റർക്കു എഴുതിയിട്ടുണ്ടു്. അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഇങ്ങനെ എനിക്കു വന്നിട്ടുള്ള എഴുത്തുകളെപ്പറ്റിയെല്ലാം ഗൗരവതരമായ അന്വേഷണം നടത്തുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly